കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

e-mail:doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എസ്.ഡി-5/168/2019.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994-256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 20.02.2019

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കാസറഗോഡ്.

പ്രസിഡന്റ് ,

മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത്. (സെക്രട്ടറി മുഖേന)

സർ,

വിഷയം : മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

*********************************

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ്(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇ-മെയിൽ വഴി)

2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കാസറഗോഡ്.

3) കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ/ കെ.എസ്.ഡി5/168/2019 തിയ്യതി: 20.02,2019

## കാസറഗോഡ് ജില്ലയിലെ മഞ്ചേശ്വരം ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

*****

കാസറഗോഡ് ജില്ലയിലെ മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 01-04-2017 മുതൽ 31-03-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും (I.A.Y.പ്ലാൻ അക്കൗണ്ട് ഒഴികെ), അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 09 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 02 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് ലഭിച്ച മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | രാജാരാമ.സി,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23-01-2019 മുതൽ 31-01-2019 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :

| ക്രമ നം. | പേര് | തസ്തിക |
|---|---|---|
| 1 | ലോകേഷ് ആചാരി. ബി. | ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ) |
| 2 | യാദവ കമാര. സി.എച്ച്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ജനാർദ്ദനൻ.സി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 4 | ശിവശങ്കര.കെ. | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എ.കെ.എം.ആശ്രഫ് | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.അബ്ദുള്ള.കെ. | 01.04.2017 മുതൽ 31-03-2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ.

| ക്രമ.നം. | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.ജോബി.കെ | 01.04.2017 മുതൽ 31-03-2018 വരെ |
| 2 | അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എഞ്ചിനിയർ | ശ്രീ.മിത്രു.വി | 01.04.2017 മുതൽ 12-11-2017 വരെ |
| | | ശ്രീ.പ്രദീപ്.പി | 13-11-2017 മുതൽ 31-03-2018 വരെ |
| 3 | അസിസ്റ്റന്റ് ഡയറക്ടർ, കൃഷി | ശ്രീ.ഡി.അബൂബക്കർ | 01.04.2017 മുതൽ 31.03.2018 വരെ |
| 4 | ക്ഷീര വികസന ഓഫീസർ | ശ്രീമതി. ഉഷ | 01.04.2017 മുതൽ 31-03-2018 വരെ |
| 5 | മെഡിക്കൽ ഓഫീസർ, സി.എച്ചി.സി,മംഗൽപ്പാടി | ഡോ. നായർ സൗമ്യ ഗോപിനാഫൻ | 01.04.2017 മുതൽ 22-04-2017 വരെ |
| | | ഡോ. സിമി, ആർ | 23-04-2017 മുതൽ 30-11-2007 വരെ |
| | | ഡോ. നായർ സൗമ്യ ഗോപിനാഫൻ | 01-12-2017 മുതൽ 31-03-2018 വരെ |
| 6 | ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി.ജയന്തി.പി. | 01.04.2017 മുതൽ 16-07-2017 വരെ |
| | | ശ്രീമതി.ലേഖ,എസ്. | 17-07-2017 മുതൽ 30-08-2017 വരെ |
| | | ശ്രീമതി.ജ്യോതിസ്മതി | 31-08-2017 മതൽ 31-03-2018 വരെ |
| 7 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ധനലക്ഷ്മി.എം | 01.04.2017 മുതൽ 31.03.2018 വരെ |
| 8 | പട്ടികജാതി വികസന ഓഫീസർ | ശ്രീ.തിരുമലേശ.പി | 01.04.2017 മുതൽ 31.03.2018 വരെ |

| | | | | |
|---|---|---|---|---|

റിപ്പോർട്ടിന്റെ ഉള്ളടക്കം



| ക്രമ നം. | ഭാഗം. 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| | ഭാഗം. 2 | |
| 9 | 2017-18വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധന- അധിക നിരീക്ഷണങ്ങൾ. | 2-1 |
| 10 | ഔദ്യോഗിക രസീതി ഉപയോഗിക്കാതെ ഗുണഭോക്തൃ വിഹിതം ശേഖരിച്ച- അപാകതകൾ | 2-2 |
| 11 | രസീതി ബുക്കുകൾ പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 2-3 |
| 12 | ഇ-ടെണ്ടർ ഫീസിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 2-4 |
| | ഭാഗം. **3** | |
| 13 | ഡയറി എക്സ്റ്റെൻസൻ ഓഫീസർ നിർവ്വപണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-1 |
| 14 | പട്ടിക ജാതി വികസന ഓഫീസർ നിർവ്വപണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-2 |
| 15 | നെൽകൃഷിക്ക് കൂലിചെലവ് വിതരണം അപാകതകൾ | 3-3 |
| 16 | കാർഷിക മേഖലയിൽ യന്ത്രവൽക്കരണം -അപാകതകൾ | 3-4 |
| 17 | വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-5 |
| 18 | പൂർത്തീകരിക്കാത്ത ഭവനങ്ങൾ - | 3-6 |

| | | |
|---|---|---|
| 19 | അങ്കൺവാടി കെട്ടിടത്തിന ബ്ലോക്ക് വിഹിതം - വിനിയോഗ സാക്ഷ്യപത്രം ഹാജറാക്കിയിട്ടില്ല. | 3-7 |
| 20 | ഐ.എ.വൈ.വായ്പാ തിരിച്ചടവ് രേഖകൾ ഹാജറാക്കിയിട്ടില്ല | 3-8 |
| 21 | പാലിയേട്ടിവ് കെയർ തുക കൈമാറിയത് വിനിയോഗ സാക്ഷ്യപത്രം ഹാജറാക്കിയിട്ടില്ല | 3-9 |
| 22 | മെഡികൽ ഓഫീസർ മഞ്ചേശ്വരം ആശുപത്രി മാനേജിങ് കമ്മിറ്റ് കണക്ക് ഹാജറാക്കിയിട്ടില്ല | 3-10 |
| 23 | കാൻസർ നിർണ്ണയ ക്യാമ്പ്- ലക്ഷ്യ കൈവരിച്ചിട്ടില്ല. | 3-11 |
| 24 | ബിറ്റുമിനസ് ഇനങ്ങളുടെ ഒറിജിനൽ ഇൻവോയ്സുകൾ കൈപ്പറ്റാതെ പേമെന്റ് നടത്തി- | 3-12 |
| | ഭാഗം. **4** | |
| 25 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 32 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 34 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |


അനുബന്ധം

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്
2) ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്
3) റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്
4) ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-2018 വർഷത്തിലെ ബജറ്റ് 27-03-2017 തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പുതുക്കിയിട്ടില്ല. ഓഡിറ്റിനു സമർപ്പിച്ച് ബജറ്റിൽ ഭാഗീകമായ വരവ് വിവരങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്. ജനകീയാസൂത്രണം, മറ്റു പദ്ധതി പ്രകാരം ലഭ്യമാവുന്ന വരവ് തുകകൾ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആകെ വരവ്

തുക 21,92,84,100 രൂപ എന്ന് കാണിച്ചിരിക്കുന്നു. ചെലവ് ഭാഗത്തിൽ എസ്റ്റാ.ചെലവ് 20,67,000 രൂപ, ഭരണ ചെലവ് 10,27,000 രൂപ എന്ന് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വർഷത്തിലെ മൊത്തം വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരം ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. അപൂർണ്ണമയ ബജറ്റാണ് അംഗീകരിച്ചത്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 28-06-2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 12.07.2018 | No.KSA/KSD3 /949/2018 dt. 14.08.2018 |

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. ബാലൻസ് ഷീറ്റ് B-5 ഷെഡ്യൂൾ പ്രകാരം സെക്യൂവേർഡ് ലോൺ തുക 16,99,426/- രൂപയാണ്. ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി ലോൺ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
2. ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് റിസീവ്ഡ് തുക 3,18,026/- രൂപയാണ്. ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
3. ബാലൻസ് ഷീറ്റ് B- 11ഷെഡ്യൂൾ പ്രകാരം ഫിക്സഡ് അസ്സറ്റ് തുക 6,73,71,118/-രൂപയാണ്. ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി അസ്സറ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
4. ബാലൻസ് ഷീറ്റ് B- 11(a) ഷെഡ്യൂൾ പ്രകാരം കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് തുക 9,24,553/-രൂപയാണ്. ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി മരാമത്ത് പണികൾക്ക് മുൻകൂർ നൽകിയതിന്റെ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
5. ബാലൻസ് ഷീറ്റ് B- 12 ഷെഡ്യൂൾ പ്രകാരം ഇൻവെസ്റ്റ്മെന്റ് തുക 1,90,000/-രൂപയാണ്. ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
6. ബാലൻസ് ഷീറ്റ് B- 14 ഷെഡ്യൂൾ പ്രകാരം സ്റ്റോക്ക് -ഇൻ-ഹാന്റ് തുക 26,35,000/-രൂപയാണ്. ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
7. വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-7ഷെഡ്യൂൾ പ്രകാരം വികസന ഫണ്ട് ജനറൽ വരവ് 4,59,27,989/- രൂപയാണ്, എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വരവ് തുക 4,64,64,381/- രൂപയാണ്. വരവ് തുക പൊരുത്തപ്പെടുന്നില്ല.
8. വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-7ഷെഡ്യൂൾ പ്രകാരം മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) വരവ് 47,26,390/- രൂപയാണ്, എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വരവ് തുക 57,91,856/- രൂപയാണ്. വരവ് തുക പൊരുത്തപ്പെടുന്നില്ല.

9. വാർഷിക ധനകാര്യ പത്രികയിലെ ഇൻകം& എക്സ്പെൻഡിച്ചർ പത്രിക, റസീറ്റ് & പേമെന്റ് പത്രിക എന്നിവ പ്രകാരം ബിൽഡിംഗ് റെന്റ്, ടെണ്ടർ ഫോറം വില്പന, സ്ക്രാപ് വില്പന എന്നീ ഇനങ്ങളിലെ വരവ് വിവരം താഴെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ |
|---|---|---|
| ബിൽഡിംഗ് റെന്റ് | 80,065 | 68,065 |
| ടെണ്ടർ ഫോറം പില്പന | 14,374 | 14,374 |
| സ്ക്രാപ് വില്പന | 44,744 | 44,744 |

ഈ തുകകളുടെ കൃത്യത പരിശോധിക്കാൻ ഡിമാന്റ്/കളക്ഷൻ രജിസ്റ്ററുകൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

10. വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-40(b)ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പിൽ ചില അക്കൗണ്ടുകളുടെ വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് തുകയും ബാങ്ക് പാസ്സ് ബുക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല/റീക്കൺസിലേഷൻ നടത്തിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

a) ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നം.14/2 പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് തുക 13,22,686/- രൂപയാണ്. എന്നാൽ പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് തുക 13,15,326/- രൂപയാണ്. 7,360/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. റീക്കൺസിലേഷൻ നടത്തിയിട്ടില്ല.

b)കോർപ്പറേഷൻ ബാങ്ക് അക്കൗണ്ട് നം.4649 പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് തുക 39,46,313/- രൂപയാണ്. എന്നാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കാനായി ബാങ്ക് പാസ്സ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

c)എസ്.ബി.ഐ ബാങ്ക് അക്കൗണ്ട് നം.5559പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് തുക 2,72,07,543/- രൂപയാണ്. എന്നാൽ ബാങ്ക് പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് തുക 2,74,83,294.30/- രൂപയാണ്. റീക്കൺസിലേഷൻ നടത്തിയിട്ടില്ല.

d) എസ്.ബി.ഐ. (IAY-Central) ബാങ്ക് അക്കൗണ്ട് നം.5544പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് തുക 4,500/- രൂപയാണ്. എന്നാൽ ബാങ്ക് പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് തുക 22,121/- രൂപയാണ്. റീക്കൺസിലേഷൻ നടത്തിയിട്ടില്ല.

e)കോർപ്പറേഷൻ ബാങ്ക് അക്കൗണ്ട് നം.4649 പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് തുക 39,46,313/- രൂപയാണ്. എന്നാൽ ബാങ്ക് പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് തുക 40,06,313/- രൂപയാണ്. റീക്കൺസിലേഷൻ നടത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5,65,71,731 |
| വരവ് | 7,69,37,663 |
| ആകെ | 13,35,09,394 |
| ചെലവ് | 9,73,85,589 |
| നീക്കിയിരിപ്പ് | 3,61,23,805 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 4,70,78,951 | 4,70,78,951 | 4,59,27,989 | 11,50,962 | 97% |
| വികസനഫണ്ട്-എസ്.സി.പി. (ACR പ്രകാരം) | 0 | 85,64,000 | 85,64,000 | 84,73,930 | 90,070 | 99% |
| വികസനഫണ്ട്-ടി.എസ്.പി. (ACR പ്രകാരം) | 0 | 39,42,000 | 39,42,000 | 39,38,078 | 3,922 | 99% |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് (ACR പ്രകാരം) | 0 | 60,20,000 | 60,20,000 | 54,67,282 | 5,52,718 | 90% |

## 1-6 പദ്ധതി അവലോകനം

2017-18 വർഷത്തിൽ നിർവ്വഹണം നടത്തിയ പദ്ധതികളുടെ വിവരം താഴെ നൽകുന്നു

| അംഗീകാരം ലഭിച്ച പദ്ധതി | | നടപ്പാക്കിയ പദ്ധതി | | ഭാഗികമായി നടപ്പാക്കിത് (എണ്ണം) | നടപ്പാക്കാത്തവ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| എണ്ണം | അടങ്കൽ | എണ്ണം | ചെലവ് | | | |
| 113 | 9,42,83,450 | 88 | 6,38,07,279 | 25 | 0 | 78% |

<u>നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം -</u>

കൃഷി അസിസ്റ്റന്റ് ഡയരക്ടർ അംഗീകാരം ലഭിച്ച 2 പദ്ധതികളും നിർവ്വഹണം നടത്തിയിട്ടുണ്ട്. സീനിയർ വെറ്ററിനറി സർജൻ 1 പദ്ധതിയും മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. മംഗൽപ്പാടി അംഗീകാരം ലഭിച്ച 22 പദ്ധതികളും നിർവ്വഹണം നടത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അംഗീകരിച്ച 30 പദ്ധതികളിൽ 24 പദ്ധതികൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ 3, ശിശുക്ഷേ പദ്ധതി ഓഫീസർ 3 ( അടങ്കൽ – 34,00,000, ചെലവ് – 26,75,000 ) , പട്ടിക ജാതി വികസന ഓഫീസർ 4 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകരിച്ച 30 പദ്ധതികളിൽ ( അടങ്കൽ 1,95,43,60024 രൂപ) 22 പദ്ധതികൾ നിർവ്വഹണം നടത്തിയിട്ടുണ്ട് ( ചെലവ് 1,24,66,690 രൂപ ).

അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ അംഗീകരിച്ച 18 പദ്ധതികളിൽ ( അടങ്കൽ 1,28,67,789 രൂപ) 16 പദ്ധതികൾ നിർവ്വഹണം നടത്തീയിട്ടുണ്ട് ( ചെലവ് 90,38,397 രൂപ ).

മോണിറ്ററിംഗ്

പ്രൊജക്ടുകളുടെ മോണിറ്ററിംഗിനായി പദ്ധതി രൂപീകരണത്തിനു ശേഷം അതത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. കൂടാതെ പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2017-18 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ 28-01-2019 ൽ 11.00 AM മണിക്ക് നടത്തുകയുണ്ടായി. പരിശോധനയിൽ 10,000/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | വിവരം ലഭ്യമല്ല | 2016-17 | 16-05-2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | വിവരം ലഭ്യമല്ല | 01-08-2010 മുതൽ 28-02-2015 വരെ | 02-08-2015 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീതി ബുക്കുകൾ പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിലെ 65519-ാം നമ്പർ രസീതി ബുക്ക് ബ്ലോക്ക് ഓഫീസിലും, 65513-ാം നമ്പർ രസീതി ബുക്ക് സി. എച്ച്. സി. മംഗൽപ്പാടി ഓഫീസിലും ഉപയോഗിക്കുന്നു. ഇവ 2016-17വർഷം മുതൽ ഇപയോഗിച്ച് വരുന്നവയാണ്. 2018-19 വർഷത്തിലും ഇവ തന്നെ ഉപയോഗിച്ച് വരുന്നു. 31-03-2018 വരെയുള്ള പിരിവിന്റെ വിശദാംശങ്ങളാണ് ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചത്. രസീതി ബുക്കുകളുടെ വരവ്, വിതരണ വിവരം എന്നിവ പ്രത്യേക സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുവാനും, ഇവയുടെ ഉപയോഗം സാമ്പത്തിക വർഷം അനുസരിച്ച് ക്രമപ്പെടുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 2-2 ഇ-ടെണ്ടർ ബിഡ് സമർപ്പണ ഫീസ് പഞ്ചായത്തിന് ലഭിച്ചിട്ടില്ല

2017-18 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ നടത്തിയ പ്രവൃത്തികളിൽ, ടെണ്ടർ സമർപ്പിച്ച കരാറുകാർ ഓൺലൈൻ ആയി അടച്ച ബിഡ് സമർപ്പണ ഫീസ് നാളിതുവരെ പഞ്ചായത്തിന് ലഭിച്ചതായി കാണുന്നില്ല. 2017-18 ൽ നടത്തിയ 32 പ്രവൃത്തികളിലായി 1,38,970/- രൂപ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്നു. പ്രസ്തുത തുക ബ്ലോക്ക്പഞ്ചായത്തിന് ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

# ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ അപാകങ്ങൾ

2017-18 സാമ്പത്തിക വർഷം ഡയറി എക്സ്റ്റൻഷൻ ഓഫീസർ താഴെപ്പറയുന്ന പദ്ധതികൾ നിർവ്വഹണം നടത്തിയിട്ടുണ്ട്.

| ക്രമ നം. | പദ്ധതിയുടെ പേര് | യൂണിറ്റ് കോസ്റ്റ് | ചെലവ് |
|---|---|---|---|
| 1. | ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസെൻറ്റീവ് | 9,00,000 | 9,00,000 |
| ആകെ | | 9,00,000 | 9,00,000 |

മേൽ തുക ബ്ളോക്ക് പഞ്ചായത്തിനു കീഴിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് താഴെ പറയും പ്രകാരം നൽകിയിട്ടുണ്ട്.

| ക്രമ നം. | ഗ്രാമപഞ്ചായത്തിൻെറ പേര് | തുക |
|---|---|---|
| 1. | മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് | 70,000 |
| 2. | മീഞ്ച ഗ്രാമപഞ്ചായത്ത് | 1,00,000 |
| 3. | പൈവളികെ ഗ്രാമപഞ്ചായത്ത് | 1,50,000 |
| 4. | പുത്തിഗെ ഗ്രാമപഞ്ചായത്ത് | 80,000 |
| 5. | വോർക്കാടി ഗ്രാമപഞ്ചായത്ത് | 1,80,000 |
| 6. | എൻമകജെ ഗ്രാമപഞ്ചായത്ത് | 3,20,000 |
| ആകെ | | 9,00,000 |

എന്നാൽ മേൽ തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങളും പദ്ധതിപൂർത്തീകരണ സാക്ഷ്യപത്രങ്ങളും,ഗുണഭോക്താക്കളുടെ വിശദാംഷങ്ങളും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ബ്ളോക്ക് പഞ്ചായത്തിൽ നിന്നും കൈമാറിയ തുകകളുടെ വിനിയോഗവും, പദ്ധതി പൂർത്തീകരിച്ചതിനുള്ള റിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-2 <u>പട്ടിക ജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകങ്ങൾ</u>

2017-18 സാമ്പത്തിക വർഷം താഴെപ്പറയുന്ന പദ്ധതികൾ ബ്ലോക്ക് പട്ടിക ജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയിട്ടുണ്ട്.

| ക്രമ നം. | പദ്ധതിയുടെ പേര് | യൂണിറ്റ് കോസ്റ്റ് | ചെലവ് |
|---|---|---|---|
| 1. | കനിയാലത്തടുക്ക കക്കവെ കമ്മ്യൂണിറ്റി ഹാളിന് ഫർണിച്ചർ വാങ്ങൽ | 2,27,360 | 2,27,360 |
| 2. | സരപ്പമലെ കമ്മ്യൂണിറ്റി ഹാളിന് ഫർണിച്ചർ വാങ്ങൽ | 1,99,000 | 1,93,552 |
| 3. | അറിയപ്പാടി കമ്മ്യൂണിറ്റി ഹാളിന് ഫർണിച്ചർ വാങ്ങൽ | 2,65,672 | 2,65,466 |
| 4. | ഡിഗ്രി,പോസ്റ്റ് ഗ്രാജ്വേറ്റ്,പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 4,10,000 | 4,10,000 |
| ആകെ | | 11,02,032 | 10,96,378 |

മേൽ പദ്ധതികളുടെ വിജയകരമായ നടത്തിപ്പിന്റെ മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമല്ല. കൃത്യമായ മോണിറ്ററിങ്ങ്, നിർവ്വഹണം നടത്തുന്ന പദ്ധതികളുടെ ഭാഗം തന്നെയാണ്. പട്ടിക ജാതി വികസനവുമായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പിന് പട്ടികജാതി വികസന ഓഫിസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ മോണിറ്ററിങ്ങ് നടത്തുന്നതിന് പ്രധാന പങ്കുവഹിക്കാനുണ്ട്. മോണിറ്ററിങ്ങ് റിപ്പോർട്ട് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-3 <u>നെൽകൃഷിക്ക് കൂലിച്ചെലവ് വിതരണം- സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല നെൽകൃഷിക്ക് കൂലിച്ചെലവ് വിതരണം- സർക്കാർ മാർഗ്ഗ</u>

## നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| ബിൽ നം. | 01/17-18/31.07.2017; 01/17-18/28.09.2017 |
| ചെലവ് തുക | 45,05,000 |
| പ്രൊജക്ട് നം. | S.47 |

2017-18 സാമ്പത്തിക വർഷം നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി അസി.ഡയറക്ടർ നടപ്പിലാക്കിയ നെൽകൃഷി വികസന പദ്ധതിയുടെ കൂലിച്ചെലവിനത്തിൽ 45,05,000 രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ പദ്ധതി നടപ്പിലാക്കിയ വേളയിൽ ജി.ഒ.(എം.എസ്.)80/17 ത.സ്വ.ഭ.വ. തീയതി 03.04.2017 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 8.1.5 & 8.1.6 എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചു കാണുന്നില്ല.

1) ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് സാധൂകരിക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധന റിപ്പോർട്ടുകൾ ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. കൂലിച്ചെലവ് നല്കുന്ന സാഹചര്യത്തിൽ കൃഷി ചെയ്ത സ്ഥലത്തിൻെറ വിസ്തൃതി, കൃഷിച്ചെലവ്, അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥൻെറ പരിശോധന സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

2) നടീൽ, കൊയ്ത്ത്, വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം എന്ന നിർദ്ദേശം പാലിച്ചു കാണുന്നില്ല.

3) നെൽ കൃഷി വിള ഇൻഷൂറൻസ് തുക കർഷകർ മുൻകൂറായി ഒടുക്കണം എന്ന നിർദ്ദേശം പാലിച്ചത് സംബന്ധിച്ച് രേഖകൾ അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. ഇക്കാര്യങ്ങൾ പരിശോധിച്ച് തുടർ വർഷങ്ങളിലെ പദ്ധതി നടത്തിപ്പിൽ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതും ഇതു സംബന്ധിച്ച പുരോഗതി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-4 കാർഷിക മേഖലയിൽ യന്ത്രവത്കരണം-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം. | S.47/17-18 |
| പ്രൊജക്ടിൻെറ പേര് | കാർഷിക മേഖലയിൽ യന്ത്രവത്കരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി അസി.ഡയറക്ടർ |
| ചെലവ് തുക | 20,49,300(വികസന ഫണ്ട്-ജനറൽ) |
| ബിൽ നം./തീയതി | 4/2017-18 തീയതി 27.01.2018;5/2017-18 തീയതി 27.02.2018 |

മഞ്ചേശ്വരം ബ്ളോക്ക് പഞ്ചായത്തിനു കീഴിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകളിലെ കൃഷി ഭവൻ പരിധിയിലെ പാടശേഖര സമിതികൾക്ക് വിവിധ കാർഷിക ഉപകരണങ്ങൾ വാങ്ങി നൽകുക എന്നതാണ് ഈ പദ്ധതി കൊണ്ട് വിഭാവനം ചെയ്യുന്നത്. പ്രോജക്ട് നടപ്പിലാക്കുന്നതിനായി മേൽ ബിൽ പ്രകാരം പിൻവലിച്ച 20,49,300/- രൂപ വിതരണക്കാരായ റെയ്ഡ്കോ കാസറഗോഡ് എന്ന സ്ഥാപനത്തിൻെറ അക്കൗണ്ടിലേക്ക് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ട്രാൻഫർ ക്രെഡിറ്റ് ചെയ്യുകയുണ്ടായി. കാർഷിക ഉപകരണങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) ജി.ഒ.(എം.എസ്.)80/2017ത.സ്വ.ഭ.വ. തീയതി 03.04.2017 പ്രകാരമുള്ള സബ്സിഡി മാർഗരേഖ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സബ്സിഡി പ്രകാരം കർഷക സഹകരണ സംഘങ്ങൾ, രജിസ്റ്റർ ചെയ്ത പാടശേഖര സമിതികൾ, രജിസ്റ്റർ ചെയ്ത വനിതാ കർഷക സംഘങ്ങൾ, രജിസ്റ്റർ ചെയ്ത കാർഷിക കർമ്മസേന എന്നിവയ്ക്ക് നൽകുന്ന ഉപകരണങ്ങളുടെ ഉടമസ്ഥത കൃഷി ഓഫീസറുടെ പേരിലായിരിക്കേണ്ടതും കൈവശാവകാശം അത്തരം

സംഘങ്ങൾക്കായിരിക്കേണ്ടതുമാണ്. എന്നാൽ ഇവിടെ പാടശേഖര സമിതികൾക്ക് നൽകിയ കാർഷിക ഉപകരണങ്ങളുടെ ഉടമസ്ഥത കൃഷി ഓഫീസറുടെ പേരിലാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

2) മേൽപറഞ്ഞ സബ്സിഡി മാർഗരേഖ പ്രകാരം കാർഷിക ഉപകരണങ്ങൾ ശരിയായി സംരക്ഷിക്കുമെന്നും, അറ്റകുറ്റ പണികൾക്കുള്ള ചെലവ് പാടശേഖര സമിതി വഹിക്കുമെന്നും ഉപകരണങ്ങൾ പൊതുകാർഷിക ആവശ്യത്തിനു മാത്രമെ ഉപയോഗിക്കു എന്നും സ്വകാര്യ വ്യക്തികൾ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞത് 20% കുറഞ്ഞ വാടക ഈടാക്കി ഉപകരണങ്ങൾ കർഷകർക്ക് ലഭ്യമാക്കാം എന്നും പാടശേഖര സമിതിയുടെ സെക്രട്ടറി കൃഷി ഓഫീസറുമായി ഒരു സമ്മതപത്രം ഒപ്പുവെയ്ക്കേണ്ടതായിട്ടുണ്ട്.എന്നാൽ മുദ്രപത്രത്തിൽ ഒപ്പുവയ്ക്കേണ്ടതായ ഇത്തരത്തിലുള്ള ഒരു സമ്മതപത്രം ഓഡിറ്റിന് ഹാജരാക്കിയില്ല.

3) തദ്ദേശ സ്വയം ഭരണസ്ഥാപന തലത്തിൽ കൃഷിഭവൻ ഉൾപ്പെടെയുള്ള പൊതുസംവിധാനങ്ങളിൽ നിലവിലുള്ള ഉപകരണങ്ങൾ അപര്യാപ്തമാണ് എന്ന കൃഷി ഓഫീസറുടെ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ മാത്രമേ ട്രാക്ടർ പോലുള്ള കാർഷിക ഉപകരണങ്ങൾ വാങ്ങാൻ പാടുള്ളൂ.കൃഷി ഓഫീസറുടെ ഇത്തരത്തിലുള്ള ഒരു റിപ്പോർട്ട്ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കൂടാതെ പദ്ധതി സംബന്ധിച്ച മോണിറ്ററിങ്ങ് റിപ്പോർട്ടും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽ രേഖകളെല്ലാം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-5 വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2017-18 സാമ്പത്തിക വർഷം ചുവടെ ചേർത്ത സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 44,42,006/- രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പ്രൊജക്ടുകളിൽ ലക്ഷ്യമിട്ടിരുന്ന പ്രകാരം തന്നെ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകളിൽ നിന്നുള്ള മോണിറ്ററിങ്ങ് സമിതി സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി വിശദാംശം | ബിൽ നം.& തിയതി | തുക | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | സെക്രട്ടറി | പദ്ധതി S.O. 137/18 മാലിന്യ സംസ്കരണ സെന്റർ(മേറ്റീരിയൽ കളക്ഷൻ സെന്ററിലേക്ക് വിഹിതം നൽകൽ | 2006630076/ 15.11.2017 | 10,00,000 | മഞ്ചേശ്വരം ഗ്രാമ പഞ്ചായത്ത്A/C.നം. 7990114000021111 |
| 2 | സെക്രട്ടറി | പദ്ധതി S.O. 100/18മാലിന്യ നിർമ്മാർജനത്തിന് ഗ്രാമ വിഹിതം | 2006630076/ 18.08.2017 | 9,92,006 | എൺമകജെ ഗ്രാമ പഞ്ചായത് A/C. നം. 799011400001362 |
| 3 | സെക്രട്ടറി | പദ്ധതി S.O. 43/18 കിനർ റിചാർജ്ജിംഗ് | 2006630076/ 24.08.2017 | 3,60,000 | മീഞ്ചഗ്രമപഞ്ചായത്ത് A/C. നം. 799011400002087 |
| | | | | 3,00,000 | മഞ്ചേശ്വരം ഗ്രാമ പഞ്ചായത് A/C. നം. 799011400002111 |
| | | | | 6,00000 | എണ്മകജെ ഗ്രാമ പഞ്ചായത് A/C. നം. 799011400001362 |

| | | | | | |
|---|---|---|---|---|---|
| 4 | സെക്രട്ടറി | 101/18 ക്ലീൻ മഞ്ചേശ്വരം | 65/15.03.2018 | 1,90,000 | തുക കൈമാറിയ സ്ഥാപനത്തിന്റെ വിവരം വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് |
| 5 | സെക്രട്ടറി | പദ്ധതി S.O. 41/18 മലീന ജലം മേനേജ്മെന്റിൻ വിഹിതം നൽകൽ | 28/08.01.2018 | 10,00,000 | തുക കൈമാറിയ സ്ഥാപനത്തിന്റെ വിവരം വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് |

## 3-6 പൂർത്തിയാക്കാത്ത ഭവനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് 2012-13 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിയ ഭവന പദ്ധതികളുടെ ഭാഗമായി വിവിധ ഘട്ടങ്ങളിൽ ഗഡുക്കൾ കൈപ്പറ്റുകയും എന്നാൽ ഭവനങ്ങൾ പൂർത്തിയാക്കാതെ നിലനിൽക്കുന്ന അവസ്ഥയുണ്ട്. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| വീട് പണി പൂർത്തികരിക്കാത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ | | | | | | |
|---|---|---|---|---|---|---|
| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പഞ്ചായത്ത് | വർഷം | വിഭാഗം | അനുവദിച്ച തുക | ഇപ്പോഴത്തെ അവസ്ഥ |
| 1 | രുഗ്മിണി, w/o. മനോജ് | മംഗൽപ്പാടി | 2012-13 | എസ്.സി | 24,250 | അരംഭിച്ചിട്ടില്ല |
| 2 | അശോക, S/O. അബ്ബു | മംഗൽപ്പാടി | 2012-13 | എസ്.സി | 60,000 | തറ |
| 3 | യശോദ, W/O.കൃഷ്ണപ്പ | മംഗൽപ്പാടി | 2012-13 | എസ്.സി | 24,250 | അരംഭിച്ചിട്ടില്ല |
| 4 | യമുന, W/O. രവി | മംഗൽപ്പാടി | 2013-14 | എസ്.സി | 17,500 | അരംഭിച്ചിട്ടില്ല |
| 5 | വാരിജ, W/O. ശശി. | മംഗൽപ്പാടി | 2013-14 | എസ്.സി | 17,500 | അരംഭിച്ചിട്ടില്ല |
| 6 | ലത, W/O. ചന്ദ്രശേഖര | മംഗൽപ്പാടി | 2013-14 | എസ്.സി | 1,39,500 | ചുമർ |
| 7 | സുന്ദരി, W/O. നാരായണ | മംഗൽപ്പാടി | 2014-15 | എസ്.സി | 17,500 | തറ |
| 8 | മല്ലിക, W/O. ദിനകർ | മംഗൽപ്പാടി | 2014-15 | എസ്.സി | 59,000 | തറ |
| 9 | മംജുള, W/O.കൃഷ്ണ | മംഗൽപ്പാടി | 2014-15 | എസ്.സി | 17,500 | അരംഭിച്ചിട്ടില്ല |
| 10 | ചോമു,W/O.കൊഗ്ഗ | മംഗൽപ്പാടി | 2015-16 | എസ്.സി | 17,500 | അരംഭിച്ചിട്ടില്ല |
| 11 | സുജിത്,കെ.എം. W/O. മായാല | എൺമകചജെ | 2012-13 | എസ്.സി | 24,250 | |
| 12 | കൊരഗ, W/O. ചനിയ | എൺമകചജെ | 2013-14 | എസ് സി | 17,500 | അരംഭിച്ചിട്ടില്ല |
| 13 | സരസ്വതി, | എൺമകചജെ | 2015-16 | എസ്.ടി | 17,500 | അരംഭിച്ചിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| | W/O. നാരായണ | | | | | |
| 14 | കൃഷ്ണനായ്ക, S/O.ചോമ നായ്ക | എണ്മകചജെ | 2015-16 | എസ്.ടി | 17,500 | അരംഭിച്ചിട്ടില്ല |
| 15 | ധർമദേവ, S/O.ദേവപ്പ | എണ്മകചജെ | 2015-16 | എസ്.സി | 59,500 | തര |
| 16 | യമുന, W/O.കൊരഗനായ്ക | എണ്മകചജെ | 2015-16 | എസ്.ടി | 17500/- | അരംഭിച്ചിട്ടില്ല |
| 17 | ഭാഗി, W/O. ഗണേഷ | മീഞ്ച | 2012-13 | എസ്സി | 1,80,000 | ലിന്റൽ |
| 18 | ബീപത്തിമ്മ, W/O. ഇബ്രഹിം | മീഞ്ച | 2013-14 | ജനരൽ | 1,02,000 | ലിന്റൽ |
| 19 | ശ്രാദേവി, W/O. ഹരീഷ് | മഞ്ചേശ്വരം | 2013-14 | എസ്.സി | 60,000 | ലിന്റൽ |
| 20 | ജയശ്രീ, W/O.വിജയകുമാർ | മഞ്ചേശ്വരം | 2013-14 | എസ്.സി | 1,59,000 | ലിന്റൽ |
| 21 | യശോദ, W/O. ചന്ദ്ര | മഞ്ചേശ്വരംമഞ്ചേശ്വരം | 2014-15 | എസ്.സി | 1,02,000 | ലിന്റൽ |
| 22 | സീതു, W/O. ബാബു | മഞ്ചേശ്വരം | 2014-15 | എസ്.സി | 17,500 | അരംഭിച്ചിട്ടില്ല |
| 23 | ചന്ദ്രാവതി, W/O. ആനന്ദലാരായണ | മഞ്ചേശ്വരം | 2015-16 | എസ്.സി | 17,500 | അരംഭിച്ചിട്ടില്ല |
| 24 | മൈമൂന, W/O. ഉമ്മർ | | 2014-15 | ജനരൽ | 1,39,500 | പൂർത്തികരിച്ച |
| 25 | സവിത, W/O. നാരായണ | | 2015-16 | എസ്.ടി | 1,59,500 | പൂർത്തികരിച്ച |
| 26 | വാസന്തി,സി.എച്ച്, W/O. സുരേഷ | | 2014-15 | എസ്.സി | 17,500 | അരംഭിച്ചിട്ടില്ല |
| 27 | ഇസ്മായിൽബാരി, W/O.ബാവകുഞ്ഞി | | 2014-15 | ജനരൽ | 17,500 | അരംഭിച്ചിട്ടില്ല |
| 28 | ഫാതിമ, W/O.പള്ളികുഞ്ഞി | | 2015-16 | ജനരൽ | 59,500 | ചൊമെർ |

ബ്ലോക്ക പഞ്ചായത്ത് നടപ്പിലാക്കിയ ഭവനപദ്ധതികൾക്കായി മേൽകൊടുത്ത ഗുണഭോക്താക്കൾ വിവിധ ഘട്ടങ്ങളിലായി ഗഡുക്കൾ വാങ്ങിക്കുകയും എന്നാൽ ഭവനങ്ങൾ പൂർത്തിയാക്കാത്ത അവസ്ഥയിലുമാണ് നിലനിൽക്കുന്നത്. പ്രസ്തുത ഭവനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള അടിയന്തിര നടപടികൾ ബ്ലോക്ക പഞ്ചായത്ത് അധികൃതരുടെ ഭാഗത്ത് നിന്നും ഉണ്ടാക്കേണ്ടതും ആയതിന്റെ പുരോഗതിവിവരം പ്രവൃത്തി ഉപേക്ഷിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം കൂടി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-7 ഐ.എ.വൈ. വായ്പ തിരിച്ചടവ് രേഖക്കൾ ഹാജരാക്കേണ്ടതാണ്.

പദ്ധതി നമ്പർ S.o. 8/2018

ഐ.എ.വൈ. വായ്പ തിരിച്ചടവ്

നിർവ്വഹണം സെക്രട്ടറി

മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് 2017-18 വാർഷിക പദ്ധതി യിൽ അംഗീകാരം ലഭിച്ച പദ്ധതി പ്രകാരം 35,80,850/-രൂപ മഞ്ചേശ്വരം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിൽ ഒടുക്കിയിട്ടുണ്ട്. ഒടുക്കിയ വിവരം താഴെ ചേർക്കുന്നു.

| ബിൻ നമ്പർ | തുക | അക്കൗണ്ട് നം. |
|---|---|---|
| 2006630076/28.06.2017 | 6,45,000 | 67211059016 |
| 2006630076/23.11.2017 | 9,20,000 | 67211059016 |
| 2006630076/22.03.2018 | 17,15,850 | 67211059016 |
| 2006630076/23.03.2018 | 3,00,000 | 67211059016 |

2012/13 വർഷത്തിൽ ഐ.എ.വൈ. ഭവന നിർമ്മാണത്തിന് വായ്പയായി 97,50,000 രൂപ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് അനുവദിച്ചിരുന്നു. 2012-13 മുതൽ 31.03.2018 വരെ എത്ര തുക (principle&Interest) ഒടുക്കിയ വിവരം ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തുക തിരിച്ചടച്ച എല്ലാ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## **3-8** <u>പാലിയേറ്റീവ് കെയർ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.</u>

2017-18 സാമ്പത്തിക വർഷം പാലിയേറ്റീവ് കെയർ പദ്ധതികൾ നടപ്പിലാക്കുന്നതിനു ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 6,50,000/- രൂപ വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പൂർത്തീകരണം സാധൂകരിക്കുന്ന ധന വിനിയോഗസാക്ഷ്യപത്രം നാളിതുവരെയായിട്ടും ബന്ധപ്പെട്ടസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സാധിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ചുവടെ ചേർത്ത പ്രകാരം ചെലവഴിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ. നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ വിശദാംശം | ബിൽ നം./ തിയതി | തുക (₹) | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. മംഗൽപ്പാടി | പ്രൊ.നം.128/2017-18 പാലിയേറ്റീവ് കെയർ പദ്ധതി-ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | Bill.No.2/ \dt.21-10-2017 ₹5,00,000/- Bill.No.8/dt. 26-11-2017 ₹1,50,000/- | 1,00,000 | മീഞ്ച ഗ്രാമ പഞ്ചായത്ത് |
| | | | | 1,00,000 | വോർക്കാടി ഗ്രാമപഞ്ചായത്ത് |
| | | | | 1,00,000 | പൈവളികെ ഗ്രാമപഞ്ചായത്ത് |
| | | | | 1,00,000 | പുത്തിഗെ ഗ്രാമപഞ്ചായത്ത് |
| | | | | 1,00,000 | എൺമകജെ ഗ്രാമ പഞ്ചായത്ത് |

| | | | | | |
|---|---|---|---|---|---|
| | | | | 50,000 | മഞ്ചേശ്വരം ഗ്രാമ പഞ്ചായത്ത് |
| | | | | 1,00,000 | മംഗൽപ്പാടിഗ്രാമ പഞ്ചായത്ത് |
| | | | ആകെ | 6,50,000/- | |

## 3-9 മെഡിക്കൽ ഓഫിസർ സി.എച്ച്.സി, മഞ്ചേശ്വരം/മംഗൽപ്പാടി-ആശുപത്രി മാനേജിംഗ് കമ്മിറ്റി- കണക്കുകൾ ഓഡിറ്റിനു സമർപ്പിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ 2010ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം ബ്ലോക്ക്പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും അവയുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നില്ല. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കു കീഴിലുള്ള ആശുപത്രികളിൽ രൂപീകരിക്കേണ്ട ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ ഘടന, യോഗ നടപടിക്രമങ്ങൾ, ബാങ്ക് അക്കൗണ്ട് എന്നിവയെ സംബന്ധിച്ച വിശദാംശങ്ങൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 12.01.2007ലെ ജി.ഒ.(എം.എസ്.)15/2007 ആ.കു.വ. ഉത്തരവിലുള്ളതും ആയത് ജി.ഒ.(എം.എസ്.) 79/2007/ത.സ്വ.ഭ.വ. തീയതി 14.03.2007ൽ പരാമർശിച്ചിട്ടുള്ളതുമാണ്. മൂന്നു മാസത്തിലൊരിക്കൽ മാനേജിംഗ് കമ്മിറ്റി കൂടേണ്ടതും, പഞ്ചായത്ത് ലഭ്യമാക്കുന്നതും പഞ്ചായത്ത് മുഖേന ലഭ്യമാക്കുന്നതുമായ ഫണ്ടുകൾ ആശുപത്രി വികസന ഫണ്ടിൽ വരവായി ഉൾപ്പെടുത്തേണ്ടതും ടി ഫണ്ടിന്റെ സൂക്ഷിപ്പിനും വിനിയോഗത്തിനുമായി ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലത്തോ അതിനടുത്ത് ഉള്ള ഒരു ദേശസാൽകൃത ബാങ്കിൽ മാനേജിംഗ് കമ്മിറ്റി ചെയർപേഴ്സൺന്റെയും മെമ്പർ സെക്രട്ടറിയുടെയും പേരിൽ ഒരു സംയുക്ത അക്കൗണ്ട് തുടങ്ങേണ്ടതുമാണ്. എന്നാൽ മെഡിക്കൽ ഓഫിസർ സി.എച്ച്.സി, മഞ്ചേശ്വരം/മംഗൽപ്പാടി നാളിതുവരെയുള്ള ആശുപത്രി മാനേജിംഗ് കമ്മിറ്റി വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഗ്രാമപഞ്ചായത്തിലെ എച്ച്.എം.സി.കളുടെ പ്രവർത്തനത്തിൽ ഫലപ്രദമായി ഇടപെടുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നില്ല. പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള 2010ലെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി ചട്ടങ്ങൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ നടക്കുന്നുവെന്നും നാളിതുവരെയുള്ള വാർഷിക കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് സമർപ്പിക്കുന്നുവെന്നും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

## 3-10 മൃതദേഹം സൂക്ഷിക്കുന്നതിനുള്ള ഫ്രീസർ- ലഭ്യമാക്കിയിട്ടില്ല.

മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിൽ 2017-18 വർഷം പ്രോജക്ട് നമ്പർ 96/2017-18 പ്രകാരം 7,00,000/- രൂപ മംഗൽപ്പാടി സി.എച്ച്.സി. യിലേക്ക് മൃതദേഹം സൂക്ഷിക്കുന്നതിനുള്ള ഫ്രീസർ വാങ്ങുന്നതിനായി വകയിരുത്തിയിരിനു.പദ്ധതി നടത്തിപ്പുമായി മംഗൽപ്പാടി സി.എച്ച്. സി.യിലേക്ക് മൂന്ന് മൃതദേഹങ്ങൾ സൂക്ഷിക്കുവാൻ സാധിക്കുന്ന Modular cold Chamber System(ഫ്രീസർ) സ്ഥാപിക്കുന്നതിനു 3,73,750/-രൂപ ബിൽ നമ്പർ 16/2017-18 തീയതി 19.03.2018 പ്രകാരം ട്രഷറിയിൽനിന്നു പിൻവലിച്ച് ട്രാൻസ്ഫർ ക്രെഡിറ്റായി Kerala Medical services Corporation, Thycaud എന്ന സ്ഥാപനത്തിന് നൽക്കിയിരുന്നു. എന്നാൽ നാളിതുവരെയായി ഫ്രീസർ ആശുപത്രിക്ക് ലഭ്യമായിട്ടില്ല. ഫ്രീസർ സ്ഥാപിക്കാനുള്ള ഭതിക സാഹചര്യം ഒന്നും ഒരുക്കാതെയാണ് സ്ഥപനത്തിനു ഓർഡർ നൽക്കിയത് എന്നാണ് വിശദീകരണം നൽക്കിയത്. ഭൗതിക സാഹചര്യം ഒരുക്കാതെ ഫ്രീസരിന് ഓർഡർ നൽക്കുവാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. ഫ്രീസർ ഉടനടി സ്ഥാപിച്ച് വിശദാംശ ഓഡിറ്റിനെ അറിയികികുകയോ ഇല്ലെങ്കിൽ തുക തിരിച്ച്പിടിക്കുവാൻ നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 3-11 കാൻസർ നിർണ്ണയ ക്യാമ്പ്- ലക്ഷ്യ കൈവരിച്ചിട്ടില്ല.

സമഗ്ര ക്യാൻസർ നിർണ്ണയ ക്യാമ്പ്-പ്രോജക്ട് നമ്പർ 99/2017-18 പ്രകാരം മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത് പരിധിയിലുള്ള എല്ലാ ഗ്രാമ പഞ്ചായത്തുകളിലും മലബാർ ക്യാൻസർ സെന്ററുമായി ചേർന്ന് കാൻസർ രോഗ നിർണയ കാമ്പ്, തുടർ പരിചരണം, സന്നദ്ധ പ്രവർത്തകർക്കുള്ള പരിശിലനം, ബോധവൽക്കരണം മറ്റു പ്രചരണ

പ്രവർത്തനങ്ങൾക്കായി 7 ലക്ഷം രൂപ വകയിരുത്തിയുരുന്നു. എന്നാൽ ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് രോഗികളുടെ വിവരങ്ങൾ ശേഖരിക്കാനുള്ള 50,000 ഫോറം അച്ചടിക്കുന്നതിനായി ഫ്ലക്സ് പോയിന്റ്, ഹോസങ്കടി എന്ന സ്ഥാപനത്തിന് 90,000/-നൽകി എന്നത് മാത്രമാണ് നടത്തിയ ഏക പ്രവർത്തനം. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി സർവ്വെ നടത്തിയതിന്റെയും, സർവ്വെ നടത്തുന്നതിന് നിയോഗിക്കപ്പെട്ടവരുടെയും അവർക്ക് നൽകിയ പരിശീലനത്തിന്റെയും വിശദാംശങ്ങൾ ലഭ്യമല്ല. സന്നദ്ധ പ്രവർത്തകർക്കുള്ള പരിശീലനം, സന്നദ്ധ പ്രവർത്തകരുടെ പഞ്ചായത്ത് തല നിയമനം ഉടങ്ങിയ പ്രാരംഭ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്താതെ, വിവരം ശേഖരണം ഫോറം മാത്രം അച്ചടിച്ചതിന്റെ യുക്തി ബോധ്യപ്പെടുത്തേണ്ടതാണ്. അച്ചടിച്ച 50000 ഫോറംങ്ങളുടെ വിതരണം, വിവരശേഖരണം, ക്രോഡീകരങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തിൽ പദ്ധതിയുടെ തുടർച്ചയുണ്ടായിട്ടില്ല. പദ്ധതിയുടെ എല്ലാ ഘടകങ്ങളും നടപ്പിലാക്കാതെ ഫോറം മാത്രം അച്ചടിച്ചത് വഴി 90,000/- രൂപ പാഴ്ചെലവായതായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ പദ്ധതി പൂർണ്ണമായി നടപ്പിലാക്കത്തതിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ചെലവഴിച്ച തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി സഞ്ചിതനിധിയിലേക്ക് ഒടുക്കേണ്ടതാണ്.

## 3-12 ബിറ്റുമിനസ് ഇനങ്ങളുടെ ഒറിജിനൽ ഇൻവോയ്സുകൾ കൈപ്പറ്റാതെ പേമെന്റ് നടത്തി-

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതു മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് (പി)നം.96/2016/ഫിൻ, തിയതി 15.07.2016 പ്രകാരം ബിറ്റുമിനസ് ഇനങ്ങളുടെ നിരക്ക് സംബന്ധിച്ച് സ്പഷ്ടത വരുത്തിയിട്ടുണ്ട്. ഈ ഉത്തരവിൽ ബിറ്റുമിനസ് ഇനങ്ങളുടെ പേമെന്റ് ഒറിജിനൽ ഇൻവോയ്സുകളുടെ ബലത്തിൽ മാത്രമേ നടത്താവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, 2017-18 വർഷം പ്രൈസിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ പല പ്രവൃത്തികളിലും ബിറ്റുമിനസ് ഇനങ്ങളുടെ ഒറിജിനൽ ഇൻവോയ്സുകൾ കൈപ്പറ്റാതെ പേമെന്റ് നടത്തിയതായി കാണുന്നു. സർക്കാർ ഉത്തരവിലെ നിർദേശം പാലിക്കാത്തത് ശരിയല്ല. ബിറ്റുമിനസ് ഇനങ്ങളുടെ ഒറിജിനൽ ഇൻവോയ്സുകൾ കൈപ്പറ്റാതെ പേമെന്റ് നടത്തിയ പ്രവൃത്തികളുടെ പട്ടിക ചുവടെ ചേർക്കുന്നു .

| ക്ര നം. | പ്രവൃത്തിയുടെ പേര്/ പ്രോജക്റ്റ് നം/അളവ് മൂല്യം/കരാറുകാരൻ | ഉപയോഗിച്ച ടാർ ഇനം |
|---|---|---|
| നിർവ്വഹണം- അസി.എൻജിനിയർ | | |
| (1) | മെർക്കള ചിന്നനഗർ റോഡ് ടാറിങ്<br>പ്രോജക്റ്റ്നം28/18<br>വാല്യൂവേഷൻ-6,08,795 രൂപ<br>കരാറുകാരൻ-മുഹമ്മദ്.എസ് | SS1Emulsion<br>RS1Emulsion<br>VG 30 Bitumin |
| (2) | കൊഡിലമൊഗറു ഒഡിപ്രകോഡി റോഡ് ടാറിങ്<br>പ്രോജക്റ്റ്നം31/18<br>വാല്യൂവേഷൻ- 5,78,682 രൂപ<br>കരാറുകാരൻ-അബ്ബാസ്.വി.പി | SS1Emulsion<br>RS1Emulsion<br>VG 30 Bitumin |
| (3) | കോണിബാഗില്ലു നഡിമാർ റോഡ് ടാറിങ്<br>പ്രോജക്റ്റ്നം18/18<br>വാല്യൂവേഷൻ-5,78,461 രൂപ<br>കരാറുകാരൻ-അബ്ബാസ്.വി.പി | SS1Emulsion<br>RS1Emulsion<br>VG 30 Bitumin |
| നിർവ്വഹണം- അസി.എക്സിക്യൂട്ടിവ് എൻജിനിയർ | | |

| | | |
|---|---|---|
| (1) | കളിമീഞ്ജ അങ്കൺവാടി റോഡ് ടാറിങ്<br>പ്രോജക്ട്നം 110/18<br>വാല്യൂവേഷൻ- 3,50,340രൂപ<br>കരാറുക്കാരൻ- എ.പി.അന്തുഞ്ഞി | SS1Emulsion<br>RS1Emulsion<br>VG 30 Bitumin |
| (2) | കളിയൂർ-പടിബൈൽ ഹേരൂർ റോഡ് ടാറിങ്<br>പ്രോജക്ട്നം 104/18<br>വാല്യൂവേഷൻ- 3,09,915രൂപ<br>കരാറുക്കാരൻ- മുഹമ്മദ് ഇസാക്ക് | SS1Emulsion<br>RS1Emulsion<br>VG 30 Bitumin |
| (3) | ആനബാഗില്ല റോഡ് ടാറിങ്<br>പ്രോജക്ട്നം 19/18<br>വാല്യൂവേഷൻ- 4,03,429രൂപ<br>കരാറുക്കാരൻ- വി.പി.അബ്ബാസ് | SS1Emulsion<br>RS1Emulsion<br>VG 30 Bitumin |

( ഓഡിറ്റ് എൻക്വയറി നം 2/തിയതി 28-01-2019)

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| വൊർക്കാടി പഞ്ചായത്ത് | 2017-18 | 1,98,000 | അരിബൈൽ ഹൊസഗദ്ദെ വി.സി.ബി | 0 | 1,98,000 |
| എണ്മകജെ പഞ്ചായത്ത് | 2017-18 | 1,50,000 | ചക്കിത്തടുക്ക കാട്ടുകുക്കെ വി.സി.ബി | 0 | 1,50,000 |

| | | | | | |
|---|---|---|---|---|---|
| മംഗൽപ്പാടി പഞ്ചായത്ത് | 2017-18 | 3,00,000 | മുളിഞ്ജ അങ്കൺവാടി | 0 | 3,00,000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ.ലോൺ | ലഭ്യമല്ല | 97,50,000 | 53,05,732 | 30,68,899 | 5,11,951 | 22,36,833 |

•

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ , 2017-18 വർഷത്തിൽ ലഭിച്ച തുകയുടെ വിവരങ്ങൾ

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേരും | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|
| ലഭ്യമല്ല | Refund of excess amount Hindustan Oil Corpn | 10,961 | ലഭ്യമല്ല | KL005562822201819 dt. 03-09-2018 |
| 2016-17 | Refund of excess amount MarikeS.C. colony | 21,244 | ലഭ്യമല്ല | KL0036291532018 dt. 06-07-2018 |
| ലഭ്യമല്ല | Refund of advance-FishMarket | 57,600 | ലഭ്യമല്ല | 15373 dt. 07-02-2018 |

| | | | | |
|---|---|---|---|---|
| | Hosangady | | | |
| ലഭ്യമല്ല | ലഭ്യമല്ല | 12,272 | ലഭ്യമല്ല | KL007448752201718 dt. 02-11-2017 |
| 2015-16 | ലഭ്യമല്ല | 15,945 | ലഭ്യമല്ല | KL007216840201718 dt. 26-10-2017 |
| 2015-16 | ലഭ്യമല്ല | 10,095 | ലഭ്യമല്ല | KL004532826201718 dt. 29-07-2017 |
| 2015-16 | ലഭ്യമല്ല | 33,986 | ലഭ്യമല്ല | KL008201292201819 dt.18-08-2018 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 (expn) | 2-4 | 2007-08 | 3.66.1 | മുൻകൂർ നല്കി പ്രവൃത്തി പൂർത്തീകരിച്ചില്ല. ( 3 പ്രവൃത്തികൾ) | രണ്ടെണ്ണം പൂർത്തീകരിച്ചു.<br>ഒന്നിൽ റവന്യൂ റിക്കവറി നടപടികൾ തുടരുന്നതായി അറിയിച്ചു.<br>നിയമ സഭ സമിതി പരിഗണനയിൽ |
| 1998-99 (expn) | 2-2 | 2007-08 | 3.66.1 | മുൻകൂർ നല്കി പ്രവൃത്തി പൂർത്തീകരിച്ചില്ല. ( 11പ്രവൃത്തികൾ) | നാലെണ്ണം പൂർത്തീകരിച്ചു.<br>6 എണ്ണം -റവന്യൂ റിക്കവറി നടപടികൾ തുടരുന്നതായി അറിയിച്ചു.<br>1 പ്രവൃത്തി തുക ഈടാക്കി.<br>നിയമ സഭ സമിതി പരിഗണനയിൽ |
| 1999-00 (expn) | 2-5 | 2007-08 | 3.66.1 | മുൻകൂർ നല്കി പ്രവൃത്തി പൂർത്തീകരിച്ചില്ല. (8പ്രവൃത്തികൾ) | ഒരെണ്ണം പൂർത്തീകരിച്ചു.<br>3 എണ്ണം -റവന്യൂ റിക്കവറി നടപടികൾ തുടരുന്നതായി അറിയിച്ചു.<br>3 എണ്ണം തുക ഈടാക്കി.<br>നിയമ സഭ സമിതി പരിഗണനയിൽ) |

| | | | | | |
|---|---|---|---|---|---|
| 2000-01 (expn.) | 2.3 | 2007-08 | 3.66.1 | മുൻകൂർ നല്കി പ്രവൃത്തി പൂർത്തീകരിച്ചില്ല. (3പ്രവൃത്തികൾ) | റവന്യൂ റിക്കവറി നടപടികൾ തുടരുന്നതായി അറിയിച്ചു.<br>നിയമ സഭ സമിതി പരിഗണനയിൽ |
| 2001-02(expn.) | 2.3 | 2007-08 | 3.66.1 | മുൻകൂർ നല്കി പ്രവൃത്തി പൂർത്തീകരിച്ചില്ല. (1പ്രവൃത്തി) | റവന്യൂ റിക്കവറിവിവരങ്ങൾ നല്കിയിട്ടില്ല.<br>നിയമ സഭ സമിതി പരിഗണനയിൽ |
| 1997-98 പ്ലാൻ | 2-3 | 2007-08 | 3.66.3 | K.S.E.B.യിൽ തുക നിക്ഷേപിച്ചത് | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി .<br>തടസ്സം ഒഴിവാക്കുവാൻ ശുപാർശ ചെയ്തു.<br>നിയമ സഭ സമിതി പരിഗണനയിൽ |
| 2000-01 പ്ലാൻ | 2-5 | 2007-08 | 3.66.3 | K.S.E.B.യിൽ തുക നിക്ഷേപിച്ചത് | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി.<br>തടസ്സം ഒഴിവാക്കുവാൻ ശുപാർശ ചെയ്തു.<br>നിയമ സഭ സമിതി പരിഗണനയിൽ |
| 2001-02 പ്ലാൻ | 2-1 | 2007-08 | 3.66.3 | K.S.E.B.യിൽ തുക നിക്ഷേപിച്ചത് | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി.<br>തടസ്സം ഒഴിവാക്കുവാൻ ശുപാർശ ചെയ്തു.<br>നിയമ സഭ സമിതി പരിഗണനയിൽ |

## **4-8** ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക -ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക -ഇല്ല.

## **4-9** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 13,35,09,394 രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,73,85,589 രൂപ |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10,23,750 രൂപ |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 6,50,000 | ഡോ.സിമി.ആർ , മെഡിക്കൽ എഫീസർ, സി.എച്ച്.സി.മംഗൽപ്പാടി |
| 3-10 | 3,73,750 | ഡോ.സൗമ്യ ഗോപിനാഥൻ,മെഡിക്കൽ എഫീസർ, സി.എച്ച്.സി.മംഗൽപ്പാടി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | ഇല്ല |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 3-10, 3.11, 3.12 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | ഇല്ല | ഇല്ല |

## 4-10 തീർപ്പാകാൻ അവശേശിക്കുന്ന ഓഡിറ്റ് പരാമർശങ്ങൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | No.LF.KSD6-1099/2014(1)Dt-10.06.2015 | 12 |
| 1998-99 | No.LF.KSD6-1099/2014(2)Dt-10.06.2015 | 13 |
| 1999-00 | No.LF.KSD6-1099/2014(3))Dt-10.06.2015 | 5 |
| 2000-01 | No.LF.KSD6-1099/2014(4)Dt-10.06.2015 | 4 |
| 2001-02 | No.LF.KSD6-1099/2014(5)Dt-10.06.2015 | 3 |
| 2002-03 | No.LF.KSD6-1099/2014(6)Dt-10.06.2015 | 2 |
| 2003-04 | No.LF.KSD6-1099/2014(7)Dt-10.06.2015 | 13 |
| 2004-05 | No.LF.KSD6-1099/2014(8)Dt-10.06.2015 | 3 |
| 2005-06 | No.LF.KSD6-1099/2014(9)Dt-10.06.2015 | 1 |
| 2006-07 | No.LF.KSD6-1099/2014(10)dt-10.06.2015 | 3 |
| 2007-08 | No.LF.KSD6-1099/2014(11)dt-10.06.2015 | 2 |
| 2008-09 | No.LF.KSD6-1099/2014(12)dt-10.06.2015 | 7 |
| 2009-10&10-11 | No.LF.KSD8-198/2013 dt. 04.06.2013 | 7 |
| 2011-12 | No.LF.KSD8-442/2011 dt. 27.09.2013 | 6 |
| 2012-13&13-14 | No.LF.KSD6-824/2014 dt. 15.01.2015 | 15 |
| 2014-15 | No.KSA.KSD-5/1245/2015 dt. 16.12.2015 | 7 |
| 2015-16 | KSA-KAD5/203/2017dt.10.04.2017 | 10 |
| 2016-17 | No. KSA.KSD-5/1146/2017 dt 14-11-2017 | |

അവശേഷിക്കുന്ന ഓഡിറ്റ് പരാമർഷങ്ങൾ തീർപ്പാക്കാനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

Senior Deputy Director,

District Audit Office, Kasaragod.

Ceeyar/-

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മഞ്ചേശ്വര ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-2

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Manjeshwar Block Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 56571731.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |

| | | | |
|---|---|---|---|
| 140000000 | Fees & User Charges | RP-4 | 368845.00 |
| 150000000 | Sale & Hire Charges | RP-5 | 61118.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 66660847.00 |
| 171000000 | Interest Earned | RP-9 | 1346182.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8035577.00 |
| 350000000 | Other Liabilities | RP-36 | 14772.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 69966.00 |
| 180000000 | Other Income | RP-10 | 14665.00 |
| 340000000 | Deposits Received | RP-34 | 277626.00 |
| 350000000 | Other Liabilities | RP-36 | 20000.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 68065.00 |
| | Grand total | | 13,35,09,394.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2341090.00 |
| 220000000 | Administrative Expenses | RP-12 | 1106559.00 |
| 230000000 | Operations & Maintenance | RP-13 | 325517.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7951513.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 42321192.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1828936.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 154590.00 |
| 255000000 | Maintenance Projects | RP-20 | 1848622.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 3000.00 |
| 280000000 | Prior Period item | RP-26 | -94920.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 20000.00 |
| 350000000 | Other Liabilities | RP-36 | 441732.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 372.00 |
| 310000000 | Panchayat Fund | RP-28 | 15790.00 |
| 330000000 | Secured Loans | RP-32 | 3580850.00 |
| 350000000 | Other Liabilities | RP-36 | 7390350.00 |
| 410000000 | Fixed Assets | RP-38 | 5654157.00 |
| 412000000 | Capital work in Progress | RP-40 | 16013385.00 |
| 420000000 | Investments | RP-41 | 190000.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6292854.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 36123805.00 |
| Cash | Cash | RP-40(b) | 0.0 |

| | | |
|---|---|---|
| | Grand Total | 13,35,09,394.00 |

## അനുബന്ധം-3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Manjeshwar Block Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 80065.00 |
| 140000000 | Fee & User Charges | I-4(b) | 368845.00 |
| 150000000 | Sale & Hire Charges | I-5(b) | 61118.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 75832861.00 |
| 170000000 | Income from Investments | I-7 | 69966.00 |
| 171000000 | Interest Earned | I-8 | 1346182.00 |
| 180000000 | Other Income | I-9 | 14665.00 |
| | Total Income | | 7,77,73,702.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 2341090.00 |
| 220000000 | Administrative Expenses | I-11(b) | 1106559.00 |

| | | | |
|---|---|---|---|
| 230000000 | Operations & Maintenance | I-12(b) | 325517.00 |
| 240000000 | Interest & Finance Charges | I-13 | 372.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 9166437.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 43497885.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 14475638.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 154590.00 |
| 255000000 | Maintenance Projects | I-14(e) | 1848622.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 3000.00 |
| 272000000 | Depreciation | I-17(a) | 1351490.00 |
| | Total Expenditure | | 7,42,71,200.00 |
| | Gross Surplus/ Deficit of income over Expenditure | | 35,02,502.00 |
| 280000000 | Prior Period Item | I-18 | -432920.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 39,35,422.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം -4

## ബാലൻസ് ഷീറ്റ്

| Manjeshwar Block Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31st-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 14055056.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 55510655.00 |
| | Total Reserve & Surplus | | 6,95,65,711.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 30084100.00 |
| | Total Grants, Contributions for Specific Purposes | | 3,00,84,100.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 16,99,426.00 |
| | Total Loans | | 16,99,426.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 318026.00 |
| 350000000 | Other Liabilities | B-9 | 4662631.00 |
| | Total Current Liabilities and Provisions | | 49,80,657.00 |
| | TOTAL LIABILITIES | | 10,63,29,894.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 67371118.00 |

| | | | |
|---|---|---|---|
| 411000000 | Accumulated Depreciation | B-11 | -7412841.00 |
| 412000000 | Capital Work in Progress | B-11(a) | 924553.00 |
| | Total Fixed Assets | | 6,08,82,830.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 190000.00 |
| | Total Investments | | 1,90,000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 2635000.00 |
| 431000000 | Sundry Debtors (Receivables) | B-15 | 6304854.00 |
| 450000000 | Cash and Bank Balance | B-17 | 36123805.00 |
| 460000000 | Loand, Advances and Deposits | B-18 | 193405.00 |

| | |
|---|---|
| Total Current Assets, Loans and Advances | 4,52,57,064.00 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 10,63,29,894.00 |